**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **10-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്രവന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ വെബ് സൈറ്റിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി-യുടെ 09.11.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05.12.2020 തീയതി-യിൽ സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെട്ടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യ-മായ തിരുത്തലുകൾ വരുത്തി പ്രസ്തുത അപേക്ഷ 05.02.2021 തീയതിയിൽ പുനസമർപ്പിച്ചു. തുടർന്ന് ചില അധിക വിവരങ്ങൾ തേടി അപേക്ഷ വീണ്ടും മടക്കി അയച്ചിട്ടുണ്ട്. ആയതിനു മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തുന്നതിനുള്ള പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടി-കൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച ഹൈക്കോടതി വിധിയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (ബി) | ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്രവന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ വെബ് സൈറ്റിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി-യുടെ 09.11.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05.12.2020 തീയതി-യിൽ സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെട്ടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യ-മായ |

| | | | |
|---|---|---|---|
| | | | തിരുത്തലുകൾ വരുത്തി പ്രസ്തുത അപേക്ഷ 05.02.2021 തീയതിയിൽ പുനസമർപ്പിച്ചു. തുടർന്ന് ചില അധിക വിവരങ്ങൾ തേടി അപേക്ഷ വീണ്ടും മടക്കി അയച്ചിട്ടുണ്ട്. ആയതിനു മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തുന്നതിനുള്ള പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടി-കൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിരവധി ആദിവാസി കോളനികളും, കർഷകരും വസിക്കുന്ന പ്രസ്തുത സ്ഥലത്തേക്ക് നിലവിൽ കടത്ത് കടന്ന് മാത്രമേ പോകുവാൻ കഴിയൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രവന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രദേശ വാസികളുടെ ചിരകാല ആഗ്രഹവും അവർക്ക് ആശ്രയവുമായി മാറുന്ന പ്രസ്തുത പാലം നിർമ്മാണം സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രവന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ